# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4639 — 26.10.2016-ൽ മറുപടിയ്ക്ക്

## വനോൽപ്പന്നങ്ങൾ വില്പന നടത്താൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>,, എം. വിൻസെന്റ്<br>,, റോജി എം. ജോൺ<br>,, **എൽദോസ് കുന്നപ്പിള്ളി** | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | **സംസ്ഥാനത്ത് വനോൽപ്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;** | എ) | ചെറുകിട വന വിഭവങ്ങളുടെ വിപണനത്തിനായി വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് വനശ്രീ. വന സംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി ആദിവാസികൾ കാട്ടിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽ നിന്നും തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാന്റ് നൽകി വിറ്റഴിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ , 23 വന വികാസ ഏജൻസികളിലായി പ്രവർത്തിച്ചു വരുന്നു. ഗുണമേന്മ വരുത്തി ഇടനിലക്കാരില്ലാതെ വന വിഭവങ്ങൾ വിറ്റഴിക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും , മൂല്യ വർദ്ധനവിലൂടെ ലാഭ വിഹിതവും ലഭിക്കുന്നുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് മേളകൾ , പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വന വിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രെയിഡ് ഫെയറുകൾ വഴിയും വനശ്രീ വിഭവങ്ങൾ നിലവിൽ വിപണനം ചെയ്തു വരുന്നുണ്ട്. |
| ബി) | **എന്തെല്ലാം തരം വനവിഭവങ്ങളാണ് വിൽപ്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ;** | ബി) | വനത്തിൽ നിന്നും ശേഖരിച്ച് ശുദ്ധി ചെയ്ത തേൻ, കസ്തൂരി മഞ്ഞൾ. കുന്തിരിക്കം , ഇഞ്ച, കുരുമുളക്, കുടംപുളി, കച്ചോലം , രാമച്ചം, |

ചുക്ക്, പുൽ തൈലം, പതിമുഖം, കരിങ്ങാലി, യൂക്കാലി തൈലം, പെയിൻ ബാം, കല്ലൂർ വഞ്ചി, ദന്തപ്പാല എണ്ണ, തേൻ നെല്ലിക്കാ തുടങ്ങിയ വന വിഭവങ്ങളും, മറയൂർ ശർക്കരയും വനശ്രീ യൂണിറ്റുകൾ വഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങളാണ്.

| | | | |
|---|---|---|---|
| സി) | **ഈ വർഷം എത്ര വരുമാനമാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?** | സി) | ഈ വർഷം ഏതാണ്ട് 2.50 കോടി രൂപയുടെ വിൽപ്പനയാണ് വനശ്രീ വഴി ലക്ഷ്യമിട്ടുന്നത്. |

സെക്ഷൻ ഓഫീസർ